ലേഖനം

26-3-2020
ചൊവ്വ

# അക്ഷര വൃക്ഷം

ഡയറി

## കോവിഡ് കാല സ്മരണകൾ

Fadiya Babu

വേനലവധി അടിച്ചു പൊളിക്കാമെന്ന സന്തോഷത്തിലാണ് ഞാൻ പരീക്ഷകൾ എഴുതിത്തുടങ്ങിയത്. സ്റ്റഡി ലീവിന് 2 ദിവസം ഉമ്മിയുടെ വീട്ടിൽ നിൽക്കുവാൻ പോയതാണ്. വാവ ഉള്ളതു-കൊണ്ട് ഉമ്മി പിന്നെ വരാമെന്ന് പറഞ്ഞു. കൊറോണ എന്ന രോഗം ~~[illegible]~~ അപ്പോഴാണ് എല്ലായിടവും പടർന്ന വാർത്ത അറിഞ്ഞത്. ലോക്ക് ഡൗണെന്ന വിവരം കേട്ടതും ഞാൻ പെട്ടുപോയി. എനിക്ക് എന്റെ വീട്ടിലേക്ക് പോകു-വാൻ പോലും കഴിഞ്ഞില്ല. മാമ ഒരു ഹൈസ്കൂൾ കമ്പ്യൂട്ടർ അധ്യാപകനാണ്. ചേർത്തലയിലെ ~~[illegible]~~ സ്കൂളിൽ പോയപ്പോൾ എന്നെയും കൂടെ കൊണ്ടുപോയി. എനിക്ക് വളരെ സന്തോഷമായി. പോകും വഴി ഒരുപാട് കാഴ്ചകൾ കണ്ടു; ഗ്രാമത്തിന്റെ നടു-വിലുള്ള ആ സ്കൂളുകാണാൻ വളരെ മനോഹരമായിരുന്നു.

ഡയറി

27-3-2020
ബുധൻ

എനിക്ക് ഇന്ന് സന്തോഷം നിറഞ്ഞ ദിവസമായിരുന്നു. മാമയുടെ മകനായ മോനു ഇന്ന് കോട്ടയത്ത് നിന്നും വന്നു. ലോക്ഡൗൺ പേടിച്ച് അവധിക്ക് പോയ അവരും തിരിച്ച് പോരുകയായിരുന്നു. കളിക്കാരായ ഞങ്ങൾക്ക് അത് സന്തോഷമുള്ള കാര്യമായിരുന്നു. എനിക്കും അനിയത്തിക്കും സമ്മാനങ്ങളുമായാണ് അവൻ വന്നത് കഞ്ഞീം പയറും വെച്ചും പട്ടം പറത്തിയും ഞങ്ങൾ സമയം തള്ളിനീക്കി. വലിയ പറമ്പുള്ളതിനാൽ ഞങ്ങൾ അവിടെ സൈക്കിൾ ഓടിച്ചു. രാത്രി സമയത്ത് വീട് ഒരു വിദ്യാലയം എന്ന പഠന പ്രവർത്തനങ്ങൾ ചെയ്തു. റിട്ടയർ അധ്യാപികയായ എന്റെ ഉമ്മമ്മ എന്നെ അതിന് സഹായിച്ചു. അടുത്ത ദിവസം ഞങ്ങൾക്ക് ഉള്ള ചില പ്രവർത്തനങ്ങൾ തരാമെന്ന് മാമ ഉറപ്പ് നൽകി. കളിക്കാൻ ഒരു കുറവുമില്ലെങ്കിലും ഉമ്മിയെയും അനിയത്തിയെയും വാപ്പിയെയും കാണാത്ത സങ്കടം എന്നെ അലട്ടുന്നുണ്ടായിരുന്നു.

FADIYA BABY P N

3

ഡയറി

28-3-2020
വ്യാഴം

കൊറോണ വന്നതിനുശേഷം ഞങ്ങൾ എന്നും ഓരോരോ സാധനങ്ങൾ ഉണ്ടാക്കുമായിരുന്നു ഇന്ന് ഞങ്ങൾ ഉണ്ടാക്കിയത് കളർ പേപ്പർ കൊണ്ട് ഒരു ഭംഗിയുള്ള വീടും, പാമ്പും കോണിയുമാണ്. പാമ്പും കോണിയും കളിക്കുവാൻ നല്ല രസമാണ്. കുറേ നേരമിരുന്നാണ് ഞങ്ങൾ അത് ചെയ്തത്. ഞങ്ങൾ ചെറിയ വിഭവങ്ങളൊക്കെ ഉണ്ടാക്കി. പിന്നെ ഒരു കാര്യം പറയാൻ മറന്നു ഇവിടെ ഞങ്ങൾക്ക് ഒരു കുട്ടിക്കാരിയും ഉണ്ട്. കുഞ്ഞുണ്ണി വാവ. അവളെ കാണാൻ എന്ത് ഭംഗിയാണെന്നോ. അവളുടെ കൂടെ കളി കളിക്കാനും നല്ല രസമാണ്. ഞങ്ങൾ ഇന്നൊരു ടെൻഷൻ നിറഞ്ഞ അവസ്ഥയിലായിരുന്നു. ഞങ്ങൾ പതിവായി മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനം കാണും. അതിലെ വാർത്തകൾ മിക്കതും സങ്കടമുള്ളതായിരുന്നു. എന്നെല്ലാം ചിന്തിച്ചിരുന്നു നമ്മുടെ മനസ്സിൽ വിനോദയാത്ര, സിനിമ, കല്യാണം കൂടൽ എന്നും പ്രതീക്ഷിക്കാതെ എല്ലാവരും കൂട്ടിലടച്ച കിളിയെ പോലെ വീട്ടിലിരിക്കേണ്ടി വരുമെന്ന് ആരും സ്വപ്നേ വിചാരിച്ചു കാണില്ല. എന്നിട്ടും

29-3-2020
വെള്ളി

ഡയറി

കളിക്കിടയിലെ ചില്ലറ പിണക്കങ്ങൾ കയ്യാങ്കളിയിലേക്ക് എത്തി. മിക്കപ്പോഴും പിണക്കം തന്നെ, ഫോണിന് വേണ്ടി, ടീവിക്ക് വേണ്ടി, കളിപ്പാട്ടത്തിന് വേണ്ടി ഉമ്മുമ്മാക്കും മറ്റും ഞങ്ങളുടെ വഴക്ക് തലവേദനയായി ഞങ്ങളെ ശാസിച്ചും വഴക്കുപറഞ്ഞും അവർ മടുത്തു. സഹിക്ക വയ്യാതെ മാമ ഒരു പരിഹാരം കണ്ടെത്തി. മാമ പറഞ്ഞ ചില നിർദേശങ്ങൾ അനുസരിച്ചാൽ സമ്മാനം ഉറപ്പ് നിർദേശങ്ങൾ കടുപ്പമുള്ളതായിരുന്നു.

a) No go day (വഴക്കിടാൻ പാടില്ല)
b) No phone day
c) No TV Day

വാശിയോടെ ഞങ്ങൾ ഓരോ ദിവസവും പിണങ്ങാതെ, നിർദേശിച്ച സമയത്ത് മാത്രം TV യും കണ്ട്, നല്ല കുട്ടികളാവാൻ തീരുമാനിച്ചു. ഓരോ ദിവസവും ഞങ്ങൾക്ക് ഉപ്പായും മാമയും ഓരോ സമ്മാനങ്ങൾ നൽകി അഭിനന്ദിച്ചു.

30-3-2020
ശനി

ഡയറി

ഉറക്കമുണർന്നത് മുതൽ ഞാൻ വല്ലാത്ത അസ്വസ്ഥതയായിരുന്നു. ഉമ്മ നോക്കിയപ്പോൾ എനിക്ക് നന്നായി പനിക്കുന്നുണ്ടായിരുന്നു. ഉമ്മയുടെ പൊടിക്കൈകൾ പരീക്ഷിച്ചിട്ട് രക്ഷയില്ല. കൊറോണയായിരിക്കും എന്ന് കരുതി ഞാൻ അലറിക്കരഞ്ഞു. ഉമ്മയും അമ്മായിയും എനിക്ക് കൊറോണയുടെ ലക്ഷണങ്ങൾ പറഞ്ഞ് തന്നു. എന്നോട് വിശ്രമിക്കാൻ പറഞ്ഞു. ഉച്ചയായതോടെ പനി കൂടി വന്ന എന്നെയും കൊണ്ട് അടുത്തുള്ള ആശുപത്രിയിൽ എത്തി. ഞങ്ങൾ ഡോക്ടറെ കണ്ടു. കുറേ ചോദ്യങ്ങൾ ചോദിച്ചതിനു ശേഷം ഡോക്ടർ എനിക്ക് മരുന്ന് നൽകി. വീട്ടിലെത്തി വീണ്ടും വീണ്ടും വിശ്രമം. കഴിക്കാൻ പറ്റാത്തവിഷമം ഞങ്ങൾക്കുണ്ടായിരുന്നു. പനിയായതോടെ എനിക്ക് ഉപ്പയെ കാണണമെന്ന് വാശിപിടിച്ചു. ഞങ്ങളുടെ അയൽവാസി കല-ഷങ്കിൾ ചളുക്കുന്നി പോലീസ് സ്റ്റേഷനിലെ CI ആണ്.

മാമ ഇത് Facebook ൽ ഞങ്ങളുടെ ഫോട്ടോ വെച്ച് Post ഇട്ടു. എല്ലാവരും like അടിക്കുകയും അഭിപ്രായം പറയുകയും ചെയ്തു. അത് ഞങ്ങൾക്ക് നിറയെ like കിട്ടിയ ഞങ്ങൾ വളരെ സന്തോഷിച്ചു. എന്നാൽ അന്നത്തെ പത്ര സമ്മേളനം കണ്ടപ്പോൾ പേടി കൂടി വന്നു. അതായത് മുഖ്യമന്ത്രിപോലും പത്രസമ്മേളനം online വഴിയാണ് നടത്തിയത്. സാമൂഹിക സമ്പർക്കം പാടില്ല. അമേരിക്കയിൽ മരണസംഖ്യ കൂടുന്നു, കാസർഗോഡും കൂടുന്നു. കാസർഗോഡുമായി ഞങ്ങൾക്ക് ബന്ധമുണ്ട്. കഴിഞ്ഞതിന് മുൻപത്തെ വർഷം ഞങ്ങൾ കാസർഗോഡ് വിനോദയാത്രക്ക് പോയി. കാരണം മാമക്ക് PSC ആദ്യ പോസ്റ്റ് അവിടെയായിരുന്നു. വാർത്ത കണ്ടതിന് ശേഷം മാമ അവിടെയുള്ള പരിചയക്കാരെ വിളിച്ചു. അവരുടെ വിശേഷങ്ങൾ ചോദിച്ചു. പ്രാർത്ഥനയ്ക്കും ഭക്ഷണത്തിനും ഉമ്മിയെ വീഡിയോ കോൾ ചെയ്തു. അനിയത്തിയുടെ കളി തമാശകൾ ഫോണിലൂടെ കാണുമ്പോൾ എനിക്ക് സങ്കടം വരും

ഉപദേശവുമായി അദ്ദേഹത്തോട് നന്ദി പറഞ്ഞ് ഞങ്ങൾ
യാത്ര തുടർന്നു. പുറത്തേക്കിറങ്ങിയപ്പോഴാണ് ഈ
രോഗത്തിന്റെ ഗൗരവം ഞങ്ങൾക്ക് മനസ്സിലായത്. 11.30ന്
ഞങ്ങൾ വീട്ടിലെത്തി. ഉമ്മിയേയും ഉമ്മൂമ്മയേയും അ-
നിയത്തിയേയും കണ്ടപ്പോൾ എന്റെ കണ്ണ് നിറഞ്ഞു.

നമ്മുടെ നാടിനെ കാത്തുരക്ഷിക്കാൻ
അഹോരാത്രം ജോലിചെയ്യുന്ന ആരോഗ്യ പ്രവർത്ത-
കരേയും, സന്നദ്ധപ്രവർത്തകരേയും പറ്റി വാപ്പ പറ-
ഞ്ഞപ്പോൾ എന്റെ കണ്ണു നിറഞ്ഞാലും എത്രയോ
വലുതാണ്. അവരുടെ പ്രവർത്തനങ്ങൾ എന്ന് ഞാൻ ഓർ-
ത്തു. നമ്മൾ അവധിക്കാലം ചെറിയ തോതിലെങ്കിലും ആഘോ-
ഷിക്കുമ്പോൾ നമുക്കുവേണ്ടി അഹോരാത്രം പ്രവർത്തിക്കുന്ന
ഒരുപാടുപേരുണ്ടെന്ന് നാം ഓർക്കണം. അവർ കാവലാളു-
കൾ ആയതുകൊണ്ടാണ് നമുക്ക് ഉറങ്ങാൻ സാധിക്കുന്നത്
എന്റെ വാപ്പയുടെ ഉമ്മ പറയുന്നതുപോലെ

സമയം തികയാത്ത എല്ലാർക്കും സമയം ബാക്കി. ദൈവ-
ത്തിന്റെ പദ്ധതി അപാരമാണ്. എന്ന് വീട്ടിലുള്ളവർ
പറയുന്നത് കേട്ട് ഞാനും മനസ്സിൽ ശരിവെച്ചു. സംഗതി
ഗൗരവമായതോടെ ഞാനും അങ്കലാപ്പിലായി. ഞാനും
ഇപ്പോൾ 2 ജില്ലകളിലായപ്പോൾ എനിക്ക് തിരിച്ച് പോ-
വുക പ്രയാസമായി. എനിക്ക് വീട്ടിൽ പോകണമെന്ന്
ഞാൻ മാമയോട് പറയാറുണ്ട്. പക്ഷെ പോലീസ്
എല്ലാ ഇടവും പരിശോധന നടത്തിനാൽ എങ്ങനെങ്കി-
ലും അവസരം വന്നാൽ വീട്ടിൽ ആക്കാമെന്ന് മാമ ഉറ-
പ്പ് നൽകി. ഉപ്പാനോടൊപ്പം രാത്രി എട്ട്ബോർഡ് കളിച്ചും
ജയിക്കലും തോക്കലും പതിവായി. എന്നെ സന്തോ-
ഷിപ്പിക്കുവാനായി എല്ലാവരും ശ്രമിക്കുന്നത് ഞാൻ
ഓർക്കുന്നു.
ഓർക്കുന്നു.

ഉപ്പായുടെ ഫോണിൽ നിന്ന് വീഡിയോ കോൾ

അതിന് ഞാൻ കാരിത്ര ആശ്വാസം നൽകി. പിന്നീട് അത്

പതിവാക്കി.

പൂക്കളും മരങ്ങളും ഉണ്ടായിരുന്നു. പിന്നെ ഒരു ചെറിയ പാർക്കു എന്റെ വിരസത അകറ്റി. ഞാൻ അവിടെ കുറേനേരം കളിച്ചു. അവിടെയുള്ള അധ്യാപകരെ പരിചയപ്പെടുകയും അവരുടെ സ്നേഹസമ്മാനങ്ങൾ ഞാൻ സ്വീകരിക്കുകയും ചെയ്തു. തിരിച്ച് വീട്ടിലേക്ക് പോകും വഴി ഞങ്ങൾ എന്നു പറഞ്ഞ സൂപ്പർ മാർക്കറ്റിൽ കയറി എനിക്ക് ഇഷ്ടമുള്ള സാധനങ്ങൾ മാമ വാങ്ങിത്തരുകയും ചെയ്തു. പിന്നീട് വീട്ടിൽ വന്ന് ഭക്ഷണം കഴിച്ച് പ്രാർത്ഥനയോടെ ഞങ്ങൾ ഉറങ്ങി.

സർവ്വേ ഭവന്തി സുഖിന സുഖിന

സർവ്വേ സന്തു നിരാമയാ

സർവ്വേ ഭദ്രാണി പശ്യന്തു

ന കശ്ചിത ദുഃഖ ഭാഗ് ഭവേത്-

അതായത്- എല്ലാവരും സുഖമായിരിക്കട്ടെ, ആർക്കും രോഗങ്ങൾ ഇല്ലാതിരിക്കട്ടെ, ആർക്കും ദുഃഖങ്ങൾ ഇല്ലാതിരിക്കട്ടെ. ദൈവത്തിൻ മുൻവിൽ എല്ലാവരേയും ഒരു പോലെ കാണുക. ഭാരതത്തിലെ മുനിമാർ ഉപദേശിച്ചുതന്ന മന്ത്രം അതായിരിക്കട്ടെ. നമ്മുടെ മുദ്രാവാക്യം.